"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ജഹാംഗീർ .എസ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ)വകുപ്പ്**

സ.ഉ.(സാധാ) നം.1576/2023/LSGD തീയതി,തിരുവനന്തപുരം, 03-08-2023

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013 തീയതിയിലെ സ.ഉ.(പി)നം.580/2013/ധന നം. ഉത്തരവ്
3. 03/07/2020 തീയതിയിലെ സ.ഉ.(സാധാ)നം.1323/2020/തസ്വഭവ നം.ഉത്തരവ്
4. 25/09/2021 തീയതിയിലെ സ.ഉ.(സാധാ)നം.1855/2021/തസ്വഭവ നം. ഉത്തരവ്
5. 26/07/2022 തീയതിയിലെ സ.ഉ.(സാധാ)നം.1800/2022/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/06/2023 തീയതിയിലെ 5511/ഇ1/2020/കെ.എസ്.എച്ച്.ഒ.നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ജഹാംഗീർ എസ്., ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നവരെ പരാമർശം(3) പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 02/07/2023 ന് അവസാനിച്ചതായും ആയത് 03/07/2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കണമെന്നും പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജഹാംഗീർ എസ്., ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 03/07/2023 മുതൽ മേൽ തസ്തികയിലേയ്ക്ക് പുതിയ നിയമനം നടക്കുന്നതുവരെ മാത്രം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

3. മേൽ തസ്തികയിലേയ്ക്ക് സമാന ശമ്പള സ്കെയിലിലുള്ളവരെ കണ്ടെത്തി പുതിയ നിയമനത്തിനുള്ള നടപടികൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അടിയന്തരമായി

സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.ജഹാംഗീർ എസ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യം) (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/289/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 03-08-2023 17:31:50
സെക്ഷൻ ഓഫീസർ